സി.ജി.(2)39920/16. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 05.01.2017.

# സർക്കുലർ 4 /2017.

വിഷയം: സഹകരണ വകുപ്പ്- കാർഷിക വായ്പകൾക്കുള്ള 2% പലിശയിളവ് (Interest Subvention) സംബന്ധിച്ച്

സൂചന: 1. 02.08.2016 ലെ 189/ഡി.ഒ.ആർ-46/2016-17/നമ്പർ നബാർഡ് സർക്കുലർ
2. 22.12.2016 ലെ 298/ഡി.ഒ.ആർ-70/2016-17/നമ്പർ നബാർഡ് സർക്കുലർ.

......

സഹകരണ സംഘങ്ങൾ/ബാങ്കുകൾ 7 ശതമാനം പലിശ നിരക്കിൽ സ്വന്തം ഫണ്ടിൽ നിന്നും 2016-17 വർഷത്തിൽ വിതരണം ചെയ്യുന്ന 3 ലക്ഷം രൂപാ വരെയുള്ള കാർഷിക വായ്പകൾക്ക് 2 ശതമാനം പലിശയിളവും, ടി വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് മൂന്ന് ശതമാനം പലിശയിളവും അനുവദിച്ച് നൽകുന്നതാണെന്ന് സൂചന (1) പ്രകാരം നബാർഡ് അറിയിച്ചിരുന്നു. ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

നബാർഡിന്റെ പുനർവായ്പാ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കാർഷിക വായ്പകൾക്ക് പുറമേ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്ന് പരമാവധി 7 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്യുന്ന **3 ലക്ഷം രൂപ** വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 2 ശതമാനം പലിശയിളവ് ലഭിക്കുന്നതിനും, ടി വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് മൂന്ന് ശതമാനം പലിശയിളവ് ലഭിയ്ക്കുന്നതിനും അർഹതയുണ്ടായിരിക്കും. പലിശ ഇളവ് ലഭിയ്ക്കുവാൻ അർഹതയുള്ള വായ്പകളെ സംബന്ധിച്ച വിവരങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ നബാർഡ് മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പ്തല ആഡിറ്റർ സാക്ഷ്യപ്പെടുത്തി ജില്ലാ സഹകരണ ബാങ്കിന് സമർപ്പിയ്ക്കേണ്ടതും, ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്ക് അവർക്ക് അർഹതപ്പെട്ട തുക കൂടി ഉൾപ്പെടുത്തി കൺകറന്റ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി പട്ടിക സംസ്ഥാന സഹകരണ ബാങ്കിന്

നൽകേണ്ടതുമാണ്. സംസ്ഥാന സഹകരണ ബാങ്ക് അന്തിമ പട്ടിക നിർദ്ദിഷ്ട പ്രൊഫോർമയിൽ തയ്യാറാക്കി വകുപ്പ്തല കൺകറന്റ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി നബാർഡിന് സമർപ്പിയ്ക്കേണ്ടതും ആയതിന്റെ പകർപ്പ് പരിശോധനയ്ക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിയ്ക്കേണ്ടതുമാണ്.

കേന്ദ്ര സർക്കാരിന്റെ 08.11.2016 ലെ എസ്.ഒ 3407 (ഇ) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം രാജ്യത്ത് നിലവിലിരുന്ന 500/-, 1000/- രൂപ നോട്ടുകൾ 2016 നവംബർ മാസം 9-ാം തീയതി മുതൽ അസാധുവാക്കിയതിനെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധി കാരണം വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് കർഷകർ നേരിടുന്ന പരിമിതിയുടെ അടിസ്ഥാനത്തിൽ 01.11.2016 നും 31.12.2016 നും ഇടയ്ക്ക് തിരിച്ചടയ്ക്കേണ്ടിയിരുന്ന വായ്പകളുടെ തിരിച്ചടവ് കാലാവധി 60 ദിവസം കൂടി ദീർഘിപ്പിച്ച് സൂചന (2) പ്രകാരം നബാർഡ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആകയാൽ ടി പദ്ധതിയിൻ കീഴിൽ വിതരണം ചെയ്തിരുന്നതും 01.11.2016 നും 31.12.2016 നും ഇടയ്ക്ക് കർഷകർ തിരിച്ചടയ്ക്കേണ്ടിയിരുന്നതുമായ വായ്പകൾക്ക് സംഘങ്ങൾ/ബാങ്കുകൾ തിരിച്ചടവ് കാലാവധി 60 ദിവസം കൂടി ദീർഘിപ്പിച്ച് നൽകി ആനുകൂല്യ അർഹത ഉറപ്പു വരുത്തേണ്ടതാണ്.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പാലിക്കേണ്ടതും, പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ/ജോയിന്റ് ഡയറക്ടർമാർ (ജനറൽ & ആഡിറ്റ്) മാർക്കും.
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
3. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ.

5. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർക്കും.
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) /അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) - ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ മുഖേന.
8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ. (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
10. എഡിറ്റർ, സഹകരണ വീഥി / സഹകരണ ജേർണൽ
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
13. സ്റ്റോക്ക് ഫയൽ/സ്പെയർ
14. വെബ്സൈറ്റ്

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)